# സത്യസന്ധത

**ആ**ദ്യമായി വഞ്ചിക്കപ്പെട്ടത് ആദിമനുഷ്യൻ ആദമാകുന്നു. പിശാച് അദ്ദേഹത്തെ ചതിച്ചു. പ്രലോഭനത്തിലൂടെയാണ് അന്ന് അദ്ദേഹത്തെ പറ്റിച്ചത്.

തെറ്റ് സംഭവിച്ചു. ആദമിനെ ദൈവം തന്റെ കൽപന ലംഘിച്ചവനായി കണ്ടു.

അവൻ ആദമിന് പൊറുത്തുകൊടുത്തു. അത് ദൈവത്തിന്റെ കാര്യം.

മനുഷ്യനോ?

സമൂഹം ഒരാളെ വിലയിരുത്തുന്നത് അയാളുടെ സത്യസന്ധത പരിശോധിച്ചുകൊണ്ട്. എത്രമാത്രം വിശ്വസ്തനാണോ അതിനനുസരിച്ച് അയാൾ സ്വീകാര്യനാകും.

സത്യസന്ധതക്ക് രണ്ട് മുഖമുണ്ട്. ഒന്ന്, മനുഷ്യരോടുള്ള ബന്ധങ്ങളിൽ. രണ്ട്, ദൈവ ത്തോടുള്ള ബന്ധത്തിൽ. ഇത് രണ്ടും ഒരുമിച്ചു പാലിക്കുമ്പോഴാണ് നാം പൂർണരാകുന്നത്.

വാക്കിലും ഇടപാടിലും ഒരാളെ തീർത്തും വിശ്വസിക്കാനാവുകയെന്നത് വലിയ കാര്യ മാണ്. സമൂഹം അവരിൽ നിർഭയരായിരിക്കും. വിശ്വസിക്കാൻ കൊള്ളാത്തവനെ ആളുകൾ വെറുക്കും. അവനുമായുള്ള വ്യവഹാരങ്ങളിൽ ഏർപ്പെടാൻ ഭയപ്പെടും. അവന്റെ വാക്കു കൾക്ക് വിലയുണ്ടാകില്ല.

മുഹമ്മദ്നബി പ്രവാചകനാകുന്നതിനു മുമ്പ് ജനങ്ങൾ അദ്ദേഹത്തെ വിശ്വസ്തനായി അംഗീകരിച്ചു. അവരുടെ വിലപിടിപ്പുള്ള പല സാധനങ്ങളും അദ്ദേഹത്തിന്റെ പക്കൽ സൂക്ഷിക്കാൻ ഏൽപിച്ചു. അദ്ദേഹത്തിലുള്ള വിശ്വാസം കാരണം ശത്രുക്കൾ പോലും അദ്ദേഹത്തെ അൽ അമീൻ എന്ന് ആദരപൂർവം വിളിച്ചു.

നഷ്ടമുണ്ടാകുമെന്ന് ഭയപ്പെട്ടാൽ പോലും സത്യസന്ധത മുറുകെ പിടിക്കാൻ ദൈവം കൽപിച്ചു. കാരണം, സത്യസന്ധതക്ക് വിരുദ്ധമായ നീക്കം മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കും. അവസ്ഥകൾ മോശമാണെങ്കിൽ പോലും സത്യസന്ധത കൈവെടിയാവതല്ല.

കർമത്തിലൂടെയാണ് സത്യസന്ധതയുടെ പൂർത്തീകരണം. വാക്കുകൾ അതിനുള്ള വെളിച്ചം.

ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത് യാഥാർഥ്യത്തോടു കൂടിയാകുന്നു. അതേ യാഥാർ ഥ്യത്തിന്മേലാണ് മനുഷ്യർ ജീവിക്കേണ്ടത്.

ഗുണകാംക്ഷ, ദൈവഭക്തി, നിഷ്കളങ്കത, എന്നിവയാണ് സത്യസന്ധതയുടെ അടി സ്ഥാനം. ഈ ഗുണങ്ങൾ ഇല്ലാത്തവൻ വിശ്വസ്തനല്ല.

മനസ്സിൽ ദൈവചിന്തയുള്ളവരാണ് ജനങ്ങളിൽ അധിക പേരും. പക്ഷേ, ജീവിതത്തിൽ സത്യസന്ധതയില്ലെങ്കിൽ വിശ്വാസം ഫലം ചെയ്യുകയില്ല.

സമൂഹമാണ് സത്യസന്ധതയുടെ കർമരംഗം. ഓരോ മനുഷ്യനും വ്യത്യസ്ത മേഖലക ളുണ്ട് സമൂഹത്തിൽ. വിദ്യാർഥിക്ക് പള്ളിക്കൂടം, ഭരണകർത്താക്ക് ഭരണം.... ഏത് രംഗമായാലും അവിടെ പാലിക്കപ്പെടുന്ന സത്യസന്ധതയാണ് പ്രസ്തുത രംഗങ്ങളെ കുറ്റമറ്റ താക്കുന്നത്. അതിലൂടെയാണ് ഭരണകർത്താവ് അംഗീകരിക്കപ്പെടുന്നത്.

മനസ്സിൽ മാത്രം സത്യവാനായതു കൊണ്ട് കാര്യമില്ല. പരസ്യജീവിതത്തിൽ മാത്രം സത്യസന്ധനായതു കൊണ്ടും പ്രയോജനമില്ല. രണ്ട് അവസ്ഥകളിലും അതുമായി ജീവി ക്കാൻ സാധിക്കണം. സമൂഹം മൊത്തത്തിൽ അതിന്റെ ഫലം അനുഭവിക്കണം. അപ്പോഴാണ് സത്യ സന്ധത അന്വർഥമാകുന്നത്.

ചില മേഖലകളിൽ ഉയർന്ന നിലവാരത്തിലുള്ള സത്യസന്ധത മുറുകെ പിടിക്കേണ്ടിവരും. പ്രത്യേകിച്ച് ഭരണരംഗങ്ങളിൽ. രാജ്യത്തിന്റെ മുന്നോട്ടുള്ള ജീവിതം സുഖകരമാകണ മെങ്കിൽ അത്തരം സമീപനം കൂടിയേ തീരൂ.

സത്യസന്ധത നഷ്ടപ്പെടുന്ന കാലമാണിത്. ഭരണരംഗത്താണ് അത് ഏറെ ഇല്ലാ തെയാകുന്നത്. അതിനനുസൃതമായി ജനങ്ങൾക്കിടയിൽ പല തട്ടുകളും നിലവിൽ വന്നു. അവകാശങ്ങൾ ഹനിക്കപ്പെട്ടു.

രാജ്യാന്തര ഇടപാടുകളിലും വിശ്വാസരാഹിത്യം കാണാം. ഓരോ രാജ്യവും തങ്ങളുടെ താൽപര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത്. ചൂഷണത്തിന്റെ ഇടപാടുകളാണ് അവിടെ തെളിഞ്ഞുനിൽക്കുന്നത്.

ബന്ധങ്ങളിൽ പഴയ കാലത്തെ നിഷ്കളങ്കതയും സത്യസന്ധതയും ഇന്ന് നഷ്ടപ്പെട്ടിട്ടുണ്ട്. വിദ്യാർഥിയും അധ്യാപകനും തമ്മിലുണ്ടായിരുന്ന പവിത്രബന്ധം ഇന്ന് കടംകഥ.

ജീവിത സൗകര്യങ്ങൾ ജനത്തെ കൂടുതൽ സ്വാർഥരാക്കിയിട്ടുണ്ട്.

മനസ്സുകളിലാണ് ആദ്യം സത്യസന്ധത വേണ്ടത്. എങ്കിൽ മാത്രമേ കുടുംബവും സമൂഹ വും നാടും നന്നാവുകയുള്ളു. സത്യസന്ധമായി കാര്യങ്ങൾ ചെയ്യുന്ന സമൂഹസമൂഹത്തോ ടാണ് ദൈവം കരുണ കാണിക്കുക.

കളവും ചതിയും നടമാടിയിരുന്ന ഒട്ടേറെ സമൂഹങ്ങളെ സംസ്കരിക്കുന്നതിനു വേണ്ടി പ്രവാചകന്മാർ ആഗതരായിട്ടുണ്ട്. അത് ആവശ്യമായിരുന്നു. കാരണം സത്യസന്ധതക്ക് വിരുദ്ധമായ സമീപനം ദൈവം ഇഷ്ടപ്പെടുന്നില്ല. അത് ജനങ്ങളെ നശിപ്പിക്കലാകുന്നു.

ദാരിദ്ര്യവും മോശപ്പെട്ട സാഹചര്യവും തെറ്റായ രീതിയിൽ ജീവിക്കാൻ ജനത്തെ നിർബന്ധിക്കാറുണ്ട്. നിർബന്ധിതത്വം ക്ഷമിക്കപ്പെടുമെങ്കിലും സമൂഹം അതിന്റെ ഉത്തര വാദിത്വത്തിൽനിന്ന് രക്ഷപ്പെടില്ല. സമൂഹം ഉൾക്കൊള്ളുന്ന സാഹചര്യങ്ങൾക്കനുസരിച്ചാ യിരിക്കും ജനം ജീവിതരീതി ആവിഷ്കരിക്കുക.

സത്യസന്ധത യുക്തിപൂർണമായ സമീപനമാകുന്നു. അത്തരം ആളുകൾക്ക് ഒരിക്കലും അവരുടെ ജീവിതം വിനയാവുകയില്ല.

ഉയർന്ന വ്യക്തിത്വത്തിന്റെ അടയാളമാകുന്നു സത്യസന്ധമായ പെരുമാറ്റവും അതിനനുസ രിച്ച സംസാരവും. മനുഷ്യരോടും ദൈവത്തോടുമുള്ള ബന്ധങ്ങളിൽ സത്യസന്ധത നിറഞ്ഞു നിൽക്കണം. ദേഹേഛയുടെയും ഭക്തിയുടെയും ഇടയിലുള്ള പ്രകാശമാണ് അത്. അതു തന്നെയാണ് മനുഷ്യബന്ധങ്ങളിൽ പിശാചിനെ തടയാനുള്ള ഉപാധി.